


# ടെലിഫിലിമുകളെ വിലയിരുത്തുമ്പോൾ

കാഴ്ചയുടെ ഇസ്‌ലാമികമാനം അവതരിപ്പിക്കുന്ന കവർസ്റ്റോറി വായിച്ചു (ലക്കം 7). 'ദൃശ്യഭാഷയുടെ മൗലികശുദ്ധി' എന്ന എം. നൗഷാദിന്റെ ലേഖനത്തിൽ, ഇറാനിയൻ സിനിമകളെ മലബാർ മേഖലകളിലിറങ്ങുന്ന ചില മിനിസ്ക്രീൻ സംരംഭങ്ങളുമായി താരതമ്യം ചെയ്യുകയാണ്. ഇതിലെ അസാംഗത്യം തിരിച്ചറിയപ്പെടേണ്ടതുണ്ട്. സലാം കൊടിയത്തൂരിന്റെ ടെലിഫിലിമുകളെയാണിത് പരോക്ഷമായി ഉന്നംവെക്കുന്നത്. അബ്ബാസ് കിരസ്തമി, മാജിദ് മജീദി പോലുള്ള ലോകോത്തര സംവിധായകരെയും മലയാള ടെലിഫിലിം സംവിധായകരെയും ഒരേ മാപിനി കൊണ്ട് അളക്കുകയും താരതമ്യപ്പെടുത്തുകയും ചെയ്യുന്നത് അനുചിതമാണ്.

മലയാള സിനിമാരംഗത്തെ മൂല്യരഹിത പരിസരത്തുനിന്നും മാറി, പ്രേക്ഷകന്റെ അഭിരുചികളെ പരിഗണിക്കുന്നതിനോടൊപ്പം മൂല്യാധിഷ്ഠിത പ്രമേയങ്ങളെ സന്നിവേശിപ്പിക്കാൻ കൂടി ധൈര്യപ്പെട്ടു എന്നതാണ് മലയാള ടെലിഫിലിം രംഗത്തെ മുസ്‌ലിം പ്രാതിനിധ്യം അവകാശപ്പെടുന്ന സംവിധായകർ നൽകിയ സംഭാവന. ഇത്തരം കലാസൃഷ്ടികൾക്ക് പരിമിതികളും പോരായ്മകളും തീർച്ചയായുമുണ്ട്. എന്നാൽ ശൂന്യതയെ ചെറിയ തോതിലെങ്കിലും പൂരിപ്പിക്കാനും നമ്മുടെ ആത്മബോധത്തോട് സംവദിക്കാനും ഈ കലാസൃഷ്ടികൾക്ക് സാധിച്ചിട്ടുണ്ട്.

'കണ്ണുപൊട്ടിയ ഖൗമിന്റെ കാഴ്ചപ്പെടലുകൾ' എന്ന ജമീൽ അഹ്മദിന്റെ ലേഖനം സലാം കൊടിയത്തൂരിന്റെ ടെലിഫിലിമുകളുടെ ഒരു നെഗറ്റീവ് പോസ്റ്റ്മോർട്ടം റിപ്പോർട്ടായാണ് അനുഭവപ്പെട്ടത്. വിമർശനങ്ങൾ വസ്തുനിഷ്ഠമാവുന്നതിനു പകരം വ്യക്തിനിഷ്ഠമായിപ്പോയി. ഇതുതന്നെയാണ് ആ ലേഖനത്തിന്റെ പ്രധാന പരിമിതിയും.

കേരളീയ മുസ്‌ലിം ജീവിതത്തിൽ സിനിമയെന്ന മാധ്യമം നേരിടുന്ന സർഗാത്മക പ്രതിസന്ധിയായിരുന്നു യഥാർഥത്തിൽ ചർച്ചയാകേണ്ടിയിരുന്നത്. മുസ്‌ലിം സമുദായത്തിൽനിന്നുള്ള വലിയൊരു വിഭാഗം പ്രേക്ഷകർ മുഖ്യധാരാ സിനിമകളുടെ അഡിക്ടുകളാണ്. ഇവരെ ഇതിൽനിന്ന് മോചിപ്പിക്കുകയെന്നത് എളുപ്പത്തിൽ നടക്കുന്ന കാര്യമല്ല. ദൃശ്യമാലിന്യത്തിൽനിന്ന് പ്രേക്ഷകരെ രക്ഷപ്പെടുത്താൻ ചിലപ്പോൾ താരതമ്യേന അപകടം കുറഞ്ഞ രീതികൾ സ്വീകരിക്കേണ്ടിവരും. അതിനർഥം ഇവ ശാശ്വതമായിരിക്കണമെന്നോ ശരിയാണെന്നോ അല്ല. പ്രായോഗികമായ ഒരു താൽക്കാലിക ബദൽ മുന്നോട്ടുവെക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇങ്ങനെയൊരു പോസിറ്റീവ് വായനയും സാധ്യമല്ലേ?

'തനിമ' പുറത്തിറക്കിയ 'വധു'വിന് പോലും കാഴ്ചയിൽ ഒരു തിരുത്ത് സമർപ്പിക്കാൻ സാധ്യമായിട്ടില്ലെന്നിരിക്കെ, ഒരു വ്യക്തി സ്വപ്രയത്നത്തിൽ നടത്തുന്ന സംരംഭങ്ങളെ മാത്രം പിടികൂടുന്നതിൽ അപാകമുണ്ട്.

സലാം കൊടിയത്തൂരിന്റെ ടെലിഫിലിമുകൾ വിമർശനാതീതമാണ് എന്ന് പറയുകയല്ല. ഒരുപാട് മേഖലകളിൽ അദ്ദേഹം ഇനിയും സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. പോസിറ്റീവ് വശവും വിമർശകർ കാണേണ്ടിയിരുന്നു എന്ന് ഓർമിപ്പിക്കുക മാത്രമാണ്.

**എം.എ റഹ്മാൻ, കാവനൂർ**

# ഓടുന്നത് ലാഭത്തിന്റെ പിറകെയാവരുത്

സിനിമ സമൂഹത്തിനു നേരെ പിടിക്കുന്ന കണ്ണാടിയാണ്. അത് ചെയ്യുന്നവരുടെ ആദർശമനുസരിച്ചായിരിക്കും അതിന്റെ നിലവാരം. ഏതെങ്കിലും ഒരു നാഗരികതയുടെ ആദർശത്തിലേക്ക് സമൂഹത്തെ പരിവർത്തിപ്പിക്കണമെന്ന ലക്ഷ്യമുള്ളവർ ചെയ്യുമ്പോൾ കഴിഞ്ഞുപോയ സമൂഹങ്ങളെ മാതൃകകളായി ചിത്രീകരിക്കും. വളരെ ബോധപൂർവമായിരിക്കുമത്. അതാണ് മുസ്ത്വഫാ അഖാദ് ചെയ്തത്. അഖാദ് ആരാണെന്നും എന്താണ് ചെയ്യുന്നതെന്നും മനസ്സിലാക്കിയവർ നേരത്തേ അദ്ദേഹത്തെ കൊന്നു. ഇറാൻ സിനിമ നന്നാവുന്നത് അവയിൽ ഇസ്‌ലാമിക നാഗരികതയുടെ അംശങ്ങൾ നിലനിൽക്കുന്നതുകൊണ്ടാണ്. ഖുമൈനിക്കു മുമ്പ് ഷായുടെ കാലത്ത് നീലച്ചിത്രം കാണുന്നതിനു പകരമായിട്ടാണ് ആളുകൾ ഇറാൻ ചിത്രങ്ങൾ കണ്ടിരുന്നത്!

സലാം കൊടിയത്തൂരിന്റെ ചിത്രങ്ങളിലെ അഭിനേതാക്കൾക്ക് ശരീരഭാഷ കഴുത്തിനു മുകളിൽ മാത്രമാണെന്ന് തോന്നുന്നു. മൂല്യങ്ങളും ആദർശങ്ങളും മുഖ്യധാരാ സിനിമകളിൽ നഷ്ടപ്പെട്ടുപോയതുകൊണ്ട് സലാം കൊടിയത്തൂരിന്റെ സംരംഭങ്ങൾ ചില കേന്ദ്രങ്ങളിൽ സ്വീകരിക്കപ്പെടുന്നു. സിനിമാരംഗത്തെ പ്രഗത്ഭരുമായി കൂടിയാലോചിച്ചും അവരുടെ കഴിവുകൾ വിലയ്ക്കെടുത്തും സലാമിന്റെ തീമുകൾ കുറേക്കൂടി നന്നാക്കാം.

സിനിമയെക്കുറിച്ച് നല്ല അറിവും കാഴ്ചപ്പാടുമുള്ളവർ മാറിനിൽക്കാതെ ധൈര്യസമേതം മുന്നോട്ടു വരണം. സാമ്പത്തികശേഷിയുള്ളവർ അവരെ സഹായിക്കണം. ഇറക്കിയ സിനിമയിലെ ലാഭം തിരിച്ചുവരാൻ കാത്തിരിക്കാതെ, സാഹചര്യം ആവശ്യപ്പെടുന്ന സിനിമകൾ നിർമിച്ചുകൊണ്ടേയിരിക്കണം.

**കെ.കെ ബഷീർ**
**കൊടപ്പറമ്പ്, കണ്ണൂർ**

# കാഴ്ചകളിലെ പൊരുത്തക്കേടുകൾ

ദൃശ്യമാധ്യമരംഗത്ത് ഇസ്‌ലാമിക കലാസംസ്കൃതി നേരിടുന്ന ക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ രൂപംകൊള്ളുന്ന സംരംഭങ്ങൾക്ക് സ്ഖലിതങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നുവെന്നത് ഖേദകരമാണ്. മുസ്‌ലിം വീടുകളിൽ നിറഞ്ഞുനിന്നതും സമുദായത്തിൽ ശ്രദ്ധ നേടിയതുമായ ഒരു സംവിധായകന്റെ ഏഴാം ചിത്രം പുറത്തുവന്നപ്പോഴും സ്ഖലിതങ്ങൾ വിട്ടൊഴിയുന്നില്ല. കോമഡികൾ പരിധികൾ ലംഘിക്കുന്നു. പുതിയ സംരംഭം പൊതുമാർക്കറ്റാണ് ലക്ഷ്യം വെക്കുന്നതെന്ന് ഒറ്റനോട്ടത്തിൽതന്നെ വ്യക്തമാണ്.

കുറച്ച് ഉപദേശ പ്രസംഗവും ഇസ്‌ലാമിക വേഷവുമായാൽ എല്ലാമായെന്ന ചിന്ത മാറണം. കാഴ്ചയുടെ അനന്ത സാധ്യതകൾ ശരിയായ വിധം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ വഷളൻ 'മ' ആൽബങ്ങളായിരിക്കും സമുദായത്തിൽ ഇടം നേടുക.

**ഇൻസാഫ്**
**പതിമംഗലം**

# ‘പാവം കൃഷി’

*ബോധനം* ദ്വൈമാസികയുടെ 2002 സെപ്റ്റംബർ, 2004 മെയ് ലക്കങ്ങളിൽ പ്രസിദ്ധീകരിച്ച ഡോ. അബ്ദുൽ ഗനി അഹ്മദ് മുസ്ഹിറിന്റെ ‘കൃഷി: അന്നം, പണം, പുണ്യം’, ഡോ. യൂസുഫുൽ ഖറദാവിയുടെ ‘പരിസ്ഥിതി പരിപാലനം: ഇസ്‌ലാമിക ശരീഅത്തിൽ’ എന്നീ പഠനങ്ങൾ ആ ഇനത്തിൽ മലയാളത്തിൽ പ്രസിദ്ധീകൃതമായ ശ്രദ്ധേയമായ രചനകളായിരുന്നു. ഇസ്‌ലാമിന്റെ പാരിസ്ഥിതിക-കാർഷിക സമീപനം മൗലികപ്രമാണങ്ങളുടെ വെളിച്ചത്തിൽ പഠിക്കാൻ അവസരമുണ്ടായതിൽ പലരും സന്തോഷിച്ചു. ആകാശത്തിനു ചുവട്ടിൽ എന്തെല്ലാം പ്രശ്നങ്ങൾ കിടക്കുന്നു, കൃഷി ഒരു വിഷയമാണോ എന്നു ചോദിച്ച് പുഛിച്ചവരും ഇല്ലാതില്ല.

കൊടുവള്ളി പള്ളിയിൽ പരിസ്ഥിതിയുടെ ഇസ്‌ലാമികമാനങ്ങൾ വിശദീകരിച്ച് ഖുത്ബ നടത്തിയപ്പോൾ, യാദൃഛികമായി അവിടെ എത്തിയ കോഴിക്കോട്ടുകാരനായ വയനാട്ടിലെ ഒരു എസ്റ്റേറ്റുടമ പ്രതികരിച്ചത്; ഏറെ ഖുത്ബകൾ കേട്ടിട്ടുണ്ട്, കൃഷിയും പരിസ്ഥിതിയും കേൾക്കുന്നത് ആദ്യാനുഭവമാണ് എന്നാണ്. ഈ കുറിപ്പുകാരൻ പതിമൂന്നു വർഷമായി ഖുത്ബ നിർവഹിക്കുന്ന പ്രദേശത്ത് രണ്ടു സഹോദരന്മാർ ഏക്കറു കണക്കിന് ഭൂമിയിൽ അപൂർവ മരങ്ങൾ പരിസ്ഥിതി സൗഹൃദ രീതിയിൽ വളർത്തുന്നു. കൃഷി/പരിസ്ഥിതി സംബന്ധമായ ഖുത്ബകൾ അതിന് പ്രചോദനമായതായി അവർ പറയുകയുണ്ടായി.

ജനങ്ങൾ കേടുവരുത്തിയതിനെ നന്നാക്കേണ്ടവരാണ് മുസ്‌ലിംകൾ. എവിടെയൊക്കെയാണോ ദുഷിപ്പ് സംഭവിച്ചത് അവിടെയൊക്കെ ശുദ്ധീകരണം നടക്കണം. നൂറു ശതമാനം മനുഷ്യരും മിണ്ടാപ്രാണികളും വിഷം തിന്നുന്ന ലോകത്ത് ഈ രംഗത്തെ ഇസ്‌ലാഹിന് മുൻകൈയെടുക്കേണ്ടത് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തന്നെയാണ്. അതിന് ഒട്ടേറെ പ്രായോഗിക തടസ്സങ്ങളുണ്ടെങ്കിലും പ്രശ്നപരിഹാരത്തിന്റെ മുന്നോടിയായി ശക്തമായ ബോധവത്കരണത്തിനെങ്കിലും പ്രസ്ഥാന പരിപാടികളിൽ ഇടം നൽകണം. കൂട്ടുകൃഷിയുൾപ്പെടെയുള്ള സംരംഭങ്ങൾ സാമുദായിക സൗഹാർദം വളർത്താനും ദഅ്‌വത്തിനുള്ള ഭൂമികയായും ഹിക്മത്തോടെ ഉപയോഗപ്പെടുത്താം.

ഹൽഖാ അമീറിന്റെ പ്രഭാഷണത്തിലെ (ലക്കം 6) ‘ഉമർ(റ) തന്റെ പിതാവിനോട്’ എന്നു തുടങ്ങുന്ന ഖണ്ഡിക ഇങ്ങനെ തിരുത്തിവായിക്കണം: “ഉമറുബ്നുൽ ഖത്ത്വാബ്(റ) തന്റെ പിതാവ് ഖുസൈമയെ ഇങ്ങനെ ഉപദേശിച്ചതായി ഇമാറ ഇബ്നു ഖുസൈമ ഉദ്ധരിക്കുന്നു: ഉമർ പറഞ്ഞു: ‘സ്വന്തം ഭൂമിയിൽ കൃഷി ചെയ്യാൻ താങ്കൾ തീരുമാനമെടുക്കണം.’ അപ്പോൾ എന്റെ പിതാവ് പറഞ്ഞു: ‘എനിക്കു വയസ്സായി. ഇന്നോ നാളെയോ മരിക്കാനിരിക്കുന്ന ഞാൻ എന്തിനു കൃഷി ചെയ്യണം?’ അപ്പോൾ താക്കീതെന്നോണം ഉമർ പറഞ്ഞു: ‘തീർച്ചയായും അവിടെ കൃഷി ചെയ്യുമെന്നുതന്നെ താങ്കൾ തീരുമാനിക്കണം.’ ഇതു പറഞ്ഞ ശേഷം ഉമർ തന്റെ കൈകൊണ്ട് പിതാവിന്റെ കൈയിൽ പിടിച്ച് തൈകൾ നട്ടു” (ഉമർ സ്വപിതാവ് ഖത്ത്വാബിനോട് പറഞ്ഞതായാണ് ഖുത്ബയുടെ ലേഖനാവിഷ്കാരം വായിച്ചാൽ തോന്നുക. ഇത് ശരിയല്ല).

ഉദാരമതികൾ വഖ്ഫായി നൽകിയ ഭൂനിലങ്ങൾ അക്ഷരാർഥത്തിൽ ‘വഖ്ഫാ’ക്കി (നിശ്ചേതനവും നിശ്ചലവും ഉപയോഗരഹിതവുമാക്കി)യിടുന്ന നമ്മുടെ കമ്മിറ്റികളും ട്രസ്റ്റുകളും പള്ളി/ കോളേജ് വിദ്യാർഥികളെ ഉപയോഗപ്പെടുത്തി അവ കൃഷിയോഗ്യമാക്കുന്ന കാലം വരുമോ?

**അബ്ദുല്ലത്വീഫ് കൊടുവള്ളി**

# കൃഷിയെന്ന പ്രതിരോധം

കൃഷിയെക്കുറിച്ച കവർസ്റ്റോറി (ലക്കം 6) കാലികപ്രസക്തമാണ്. കേരളത്തിലേക്കുള്ള വിദേശനാണ്യത്തിന്റെ ഒഴുക്കും ആഗോളവത്കരണം സൃഷ്ടിച്ചെടുത്ത ജീവിതശൈലിയും കാഴ്ചപ്പാടുകളുമൊക്കെയാണ് കൃഷി ‘ലാഭകര’മല്ലാതായതിന്റെ പശ്ചാത്തലം. സാമ്രാജ്യത്വ മൂലധനശക്തികൾക്കെതിരെ പ്രതിഷേധവും പ്രതിരോധവും പ്രായോഗികതലത്തിൽതന്നെ ഇന്ന് ശക്തമായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൃഷിയെ ജീവിതവൃത്തിയായി മാറ്റുകയും കമ്പോളാധിഷ്ഠിത കൃഷിക്കുപകരം ജീവസന്ധാരണത്തിനുള്ള കൃഷിയെ (രാസ-കീടനാശിനികൾ ഒഴിവാക്കിക്കൊണ്ടുള്ള ജൈവകൃഷിയെ) പ്രോത്സാഹിപ്പിക്കുകയും വേണം. യൂറോപ്യൻ യൂനിയനടക്കം രാസ-കീടനാശിനി കലർന്ന ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതി നിർത്തലാക്കിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിലെ ഇസ്‌ലാമിക യുവജനപ്രസ്ഥാനം ബദൽ കൃഷിരീതിയുടെ പ്രചാരണവും ഏറ്റെടുക്കേണ്ടിയിരിക്കുന്നു. സർക്കാറിന്റേതും അല്ലാത്തതുമായ ആയിരക്കണക്കിന് ഹെക്ടർ സ്ഥലങ്ങളാണ് തരിശിട്ടിരിക്കുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏതാനും പ്ലോട്ടുകളിൽ പ്രദേശവാസികളുടെ സഹകരണത്തോടെ കൃഷിയിറക്കി പ്രസ്ഥാന പ്രവർത്തകർ മാതൃക കാണിക്കണം.

**സി.എച്ച് മുഹമ്മദ് മുസ്ത്വഫ, മലപ്പുറം**

## ▪ ചുരുക്കെഴുത്ത്

സിനിമാരംഗത്ത് ഉദാര ലൈംഗികവത്കരണം നടപ്പിലാക്കുന്ന മുതലാളിത്തത്തിന്റെ ഹിഡൻ അജണ്ടകളെ പ്രതിരോധിക്കേണ്ടതിന് ഈ മേഖലയിൽ സദാചാരബോധത്തിലധിഷ്ഠിതമായ ബദൽ അത്യാവശ്യമായിത്തീർന്നിരിക്കുന്നു. അശ്ലീലതയെയും ആഭാസങ്ങളെയും കുറച്ചെങ്കിലും പ്രതിരോധിക്കുന്നത് എന്ന ലേബലിൽ ഇറങ്ങുന്ന സൃഷ്ടികളുടെ പ്രതിരോധവും പലപ്പോഴും അർഥവത്തായിത്തീരുന്നില്ല. ‘വധു’ ടെലിഫിലിമിൽ സ്ത്രീസൗന്ദര്യത്തെ പൊലിപ്പിച്ചതായി കാണാം. സദ്സ്വഭാവിയും അനാഥയുമായ വധു സൗന്ദര്യവതിയായിരിക്കണമെന്ന് ആരാണ് നമ്മെ പഠിപ്പിച്ചത്?!

**സഅ്ദ് സൽമി**
**ഇർശാദിയാ കോളേജ് ഫറോക്ക്**

ഇപ്പോഴത്തെ സാമുദായിക കലാബോധത്തിലെ അനിവാര്യമായ ഇടപെടലാണ് ലക്കം 7-ലെ കവർസ്റ്റോറി. കലയുടെ മൗലികദൗത്യത്തിൽനിന്ന് വഴിതെറ്റിയതിനെ കലയെന്ന് വിളിക്കാൻ കഴിയില്ല. ലഹ്‌വ്, ലഗ്‌വ് തുടങ്ങിയ ഖുർആനിക പ്രയോഗങ്ങൾ നൽകുന്ന സൂചന അതാണ്. കോപ്രായങ്ങളും സമയം കൊല്ലുന്ന വൃഥാ ഹാസ്യങ്ങളും കലയായി സമുദായലേബലിൽ അടിച്ചിറക്കുന്നത് അപകടകരമാണ്.

**അമ്മു ഈമാൻ വടക്കേക്കാട്**

ഇറാൻ സിനിമകളെയും അവയുടെ സർഗാത്മക നിലവാരത്തെയും സംബന്ധിച്ച ചർച്ചകൾ കേരളത്തിൽ സജീവമാണെങ്കിലും, സലാം കൊടിയത്തൂരിനെപ്പോലുള്ളവരുടെ ടെലിഫിലിം സംരംഭങ്ങളെ മറ്റൊരു നിലക്കാണ് കാണേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും. മുസ്‌ലിം സമുദായാവസ്ഥകളെ ആവിഷ്കരിക്കുന്ന ടെലിഫിലിമുകളുടെ സാധ്യതകൾ തള്ളിക്കളയാനാവില്ല. ദുഃഖിപ്പിക്കുന്നത് മാപ്പിളപ്പാട്ടിന്റെ നിലവാരമാണ്. സാമ്രാജ്യത്വവിരുദ്ധതയുടെ കൂടി മഹത്തായ പാരമ്പര്യം പേറുന്ന ഈ കലാശാഖ ഇന്ന് ദുർഗന്ധം പരത്തുന്നു.

**എസ്. മുഹമ്മദ് ഷാ**
**അസ്ഹർ നഗർ, ആലുവ**

‘ജന്നാത്തുൽ ഫിർദൗസും സിനിമാറ്റിക് ഡാൻസും’ വായിച്ചു (ലക്കം 7). മുഹമ്മദ് നബി(സ)യുടെ പെൺമക്കളുടെയും മറ്റും പേര് നൽകി കാതടപ്പിക്കുന്ന സംഗീതത്തിന്റെ അകമ്പടിയോടെ ചിത്രീകരിച്ച പ്രണയ ഗാനങ്ങളും ആഭാസരംഗങ്ങളും മുസ്‌ലിം മനസ്സുകളിൽ അസ്വസ്ഥതയുണ്ടാക്കുന്നില്ലെങ്കിൽ അവരുടെ വിശ്വാസത്തിന് എന്തോ തകരാറുണ്ടെന്നല്ലേ അർഥം?

പഴയ മാപ്പിളപ്പാട്ടുകളിൽനിന്ന് വ്യത്യസ്തമായി, അശ്ലീല മാപ്പിളപ്പാട്ടുകളാണ് ഇന്ന് വിപണിയിലുള്ളത്. പണം കൊടുത്ത് അശ്ലീലത വാങ്ങി കണ്ടിരിക്കുന്ന ആസ്വാദകരുടെ നിലവാരം അപാരം തന്നെ!

**ടി.കെ ശരീജ്, കക്കോടി**

# മക്കാ ജീവിതത്തിലെ പാഠങ്ങൾ

മുഹമ്മദ് നബി(സ)ക്ക് യുദ്ധാനുമതി നൽകി ആദ്യമിറങ്ങിയത് *അൽഹജ്ജി*ലെ 39-ാം സൂക്തമാണല്ലോ. ഇതിനു മുമ്പ് എഴുപതിൽപരം സൂക്തങ്ങളിലൂടെ യുദ്ധം നിരോധിക്കപ്പെട്ടിരുന്നുവെന്ന് ബൈദാവി, കശ്ശാഫ്, നൈസാബൂരി, റാസി, ബഹ്‌റുൽ മുഹീത്, ആലൂസി, നസഫി തുടങ്ങിയ തഫ്സീറുകളിൽ കാണാം. പക്ഷേ, യുദ്ധം നിരോധിക്കുന്ന 70-ൽപരം സൂക്തങ്ങൾ എവിടെ? ചരിത്രവിവരണത്തിലൂടെയാണ് ഖുർആൻ ഇത് പ്രധാനമായും നിർവഹിച്ചത് എന്നു കാണാം. ഖുർആനിലെ ചരിത്ര വിവരണത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് അല്ലാഹു പറയുന്നു: "പ്രവാചകന്മാരുടെ വൃത്താന്തങ്ങളിൽനിന്ന് നിന്റെ മനസ്സിനെ ഉറപ്പിച്ചുനിർത്തുന്നവയെല്ലാം നിനക്ക് നാം വിവരിച്ചുതരുന്നുണ്ട്. ഇതിൽ സത്യവും സദുപദേശവും വിശ്വാസികൾക്കുള്ള ഉദ്ബോധനവും നിനക്ക് വന്നിരിക്കുന്നു" (ഖുർആൻ 11:120).

അനുയായികൾ അംഗബലം കുറഞ്ഞവരും പ്രയാസങ്ങളും പീഡനങ്ങളും സഹിച്ചവരുമായ നൂഹ്, ഹൂദ്, സ്വാലിഹ്, ശുഐബ്, ലൂത്വ് (അ) എന്നീ പ്രവാചകന്മാരുടെ ചരിത്രം മക്കാ കാലഘട്ടത്തിലവതരിച്ച അധ്യായങ്ങളിലാണുള്ളത്. മൂസാ നബിയുടെ ഈജിപ്ത് കാലഘട്ടത്തിലെ ചരിത്രവും, പിതാവും രാജാവും നാട്ടുകാരുമായി നടന്ന ഇബ്റാഹീം നബിയുടെ സംഘർഷത്തിന്റെ ചരിത്രവും മക്കയിൽ അവതരിച്ച അധ്യായങ്ങളിലാണ് കാണപ്പെടുന്നത് (ഖുർആൻ 6,7,10,11,14,15,19,20,21, 23,26,27, 29,37,38,40,44,46,51,54,71,79 അധ്യായങ്ങൾ കാണുക). ഈ സംഭവങ്ങളിൽ ചിലതിന്റെ അനുസ്മരണങ്ങൾ മാത്രമാണ് മദീനയിലവതരിച്ച അധ്യായങ്ങളിലുള്ളത്.

വിശ്വസിച്ചതിന്റെ പേരിൽ ചുട്ടുകൊല്ലപ്പെട്ട അസ്ഹാബുൽ ഉഖ്ദൂദിന്റെയും (അധ്യായം 85) വിശ്വാസം സംരക്ഷിക്കാൻ ഗുഹയിൽ ഒളിക്കേണ്ടിവന്ന അസ്ഹാബുൽ കഹ്ഫിന്റെയും (അധ്യായം 18) കഥകൾ മക്കയിൽ വെച്ച് തന്നെയാണ് നബിക്കറിയിക്കപ്പെട്ടത്. ഇത് യാദൃഛികമല്ല. നബിയുടെ മനസ്സിനെ ഉറപ്പിച്ചുനിർത്തുന്നതിനായി അല്ലാഹു അതത് കാലഘട്ടങ്ങളുടെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട്, തികച്ചും അവസരോചിതമായി മാർഗദർശനം നൽകുകയായിരുന്നു.

നബിയുടെ മക്കാ കാലഘട്ടത്തിനും മേൽ പറയപ്പെട്ട പ്രവാചകന്മാരുടെ ജീവിതസാഹചര്യങ്ങൾക്കും പൊതുവായുള്ള സവിശേഷതകൾ എന്തൊക്കെയാണെന്ന് നോക്കാം: വിശ്വാസികൾ ന്യൂനപക്ഷമായിരുന്നു, യുദ്ധം ചെയ്യാനുള്ള ശേഷിയും പ്രതിരോധത്തിനുള്ള സൗകര്യവും സംവിധാനവും സ്വന്തമായ ഭൂമിയും സ്വയം നിർണയാവകാശവും അവർക്ക് ഉണ്ടായിരുന്നില്ല, അവിശ്വാസികളുടെ നേതൃത്വത്തിലുള്ള വ്യവസ്ഥാപിതമോ അല്ലാത്തതോ ആയ, ഒരു ഭരണ/നിയന്ത്രണ സംവിധാനം നിലവിലുണ്ടായിരുന്നു, വിശ്വാസികളും അവരോട് ശത്രുതയുള്ളവരും അല്ലാത്തവരുമായ അവിശ്വാസികളും ഒരു പ്രദേശത്ത് ഇടകലർന്ന് താമസിച്ചിരുന്നു, പ്രബോധന ബാധ്യത നിലനിൽക്കുകയും ചെയ്തിരുന്നു.

ഇത്തരം സാഹചര്യങ്ങളിൽ ജീവിച്ച പ്രവാചകന്മാർ സായുധസമരം നടത്തിയിട്ടില്ല; അഥവാ അല്ലാഹു അവരെ അതിന നുവദിച്ചിട്ടില്ല. ഇതാണ് ഖുർആൻ വിവരിച്ച ചരിത്രം നൽകുന്ന പാഠം.

അതേസമയം പ്രതീക്ഷയുടെ നാമ്പുകൾ പ്രവാചകനിലും വിശ്വാസികളിലും വളർത്തിയെടുക്കുംവിധം, രാജ്യം ഭരിച്ച പ്രവാചകന്മാരായ ദാവൂദ് സുലൈമാൻ എന്നിവരുടെ ചരിത്രവും മക്കയിൽവെച്ച് തന്നെ നബിക്ക് അറിയിക്കപ്പെട്ടിരുന്നു. അവർ വ്യവഹാരങ്ങളിൽ വിധി പറഞ്ഞതും പടക്കോപ്പുകൾ നിർമിച്ചതും പടയോട്ടം നടത്തിയതും പടയോട്ട ഭീഷണി മുഴക്കിയതും മറ്റും ഖുർആൻ 21,27, 28, 34, 38 അധ്യായങ്ങളിൽ കാണാം. ദുൽഖർനൈൻ നടത്തിയ പടയോട്ടത്തിന്റെ ചരിത്രവും മക്കയിൽ അവതരിച്ച അധ്യായത്തിൽ (*അൽകഹ്ഫ്*) കാണാം.

ഇതിൽനിന്ന് നബിതിരുമേനി ചില പാഠങ്ങൾ പഠിച്ചിട്ടുണ്ട്. ഉടനെത്തന്നെ പടക്കോപ്പുകൾ നിർമിക്കുകയും പടയോട്ടം നടത്തുകയും ചെയ്തുകളയാം എന്ന എടുത്തുചാട്ടത്തിന്റെയും അവിവേകത്തിന്റെയും പാഠമല്ല, വിശ്വാസത്തോടും ക്ഷമയോടും കൂടി അവസരമെത്തുവോളം കാത്തിരിക്കേണ്ടതുണ്ടെന്ന വിവേകത്തിന്റെ പാഠം.

മക്കയിൽ വെച്ച്, പീഡനത്തെക്കുറിച്ച് പരാതി പറഞ്ഞ അനുയായികളോടുള്ള പ്രവാചകന്റെ മറുപടി ശ്രദ്ധിക്കുക: "നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന വിശ്വാസികളിൽ ചിലർ പിടികൂടപ്പെടുകയും അവർക്കായി ഭൂമിയിൽ കുഴിയെടുക്കപ്പെടുകയും വാളുകൊണ്ട് തല മുതൽ ഈർന്ന് ശരീരം രണ്ടായി പിളർക്കപ്പെടുകയും ചെയ്തിരുന്നു; പക്ഷേ, ഇതവരെ അവരുടെ മതത്തിൽനിന്ന് തടഞ്ഞുനിർത്തിയിരുന്നില്ല. ഇരുമ്പിന്റെ ചീർപ്പു കൊണ്ട് അവരുടെ അസ്ഥികൂടം മാത്രമവശേഷിക്കും വിധം, ശരീരത്തിൽനിന്ന് മാംസവും ഞരമ്പും ചീകിയെടുക്കപ്പെട്ടിരുന്നു; ഇതുമവരെ മതത്തിൽനിന്ന് തടഞ്ഞിരുന്നില്ല. അല്ലാഹു സത്യം! ഒരു യാത്രക്കാരന് മദീനയിൽനിന്ന് ഹദ്റമൗത്തിലേക്ക് അല്ലാഹുവിനെയും തന്റെ ആടിനെ പിടിക്കാനിടയുള്ള ചെന്നായയെയുമല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാതെ യാത്രചെയ്യാൻ പറ്റുന്ന ഒരവസ്ഥ ഉണ്ടാകും. പക്ഷേ, നിങ്ങൾ ധൃതി കാണിക്കുകയാണ്" (അഹ്മദ്).

**കെ.കെ ആലിക്കോയ**
alikoyakk@gmail.com